പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5485

06/07/2012-ൽ മറുപടിയ്ക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി. ക്ലാർക്ക് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| (എ) | തിരുവിതാകൂർ ദേവസ്വം ബോർഡിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | 10 ഒഴിവുകൾ. |
| (ബി) | മേൽപ്പറഞ്ഞ ഒഴിവുകളിൽ നിയമനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ എന്ന് നികത്തുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ട് നിയമം രൂപീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നിയമനം സബന്ധിച്ച ചട്ടം തയ്യാറാക്കി അംഗീകാരത്തിനായി പി.എസ്.സി.ക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | ഡിപ്പാർട്ട്മെന്റ് ഓഫീസേഴ്സ് ടെസ്റ്റ് (ഡി.ഒ.റ്റി) പാസ്സായിട്ടുള്ള എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ഡി.ഒ.റ്റി പാസ്സായ ദേവസ്വം ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ഒരാരോ വർഷവും ഉണ്ടാകുന്ന എൽ.ഡി.ക്ലാർക്ക്/ സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർമാരുടെ 35% ഒഴിവുകളിൽ ദേവസ്വം ജീവനക്കാർക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നുണ്ട്. തൻവർഷം അപ്രകാരം 12 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (ഡി) | നിക്ഷേപത്തുക സ്വീകരിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഈ വിധത്തിൽ ജോലിക്ക് നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ? | (ഡി) | ദേവസ്വം വിഭാഗത്തിലും മരാമത്ത് വിഭാഗത്തിലുമായി 117 പേരെ നിയമിച്ചിട്ടുണ്ട്. അതിൽ 96 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. ഈ വിഭാഗത്തിൽപ്പെട്ട ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ